# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1400.

11-08-2017 ൽ മറുപടിയ്ക്ക്

## നെൽകൃഷി വികസനത്തിനായി ഫണ്ട്

**ചോദ്യം**

ശ്രീ.പി.ജെ.ജോസഫ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വികസനത്തിനായി വർഷങ്ങളായി കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ഫണ്ട് ഇക്കുറി ലഭിക്കാത്ത സാഹചര്യം വ്യക്തമാക്കാമോ; | (എ) | കേന്ദ്രത്തിൽ നിന്നും രാഷ്ട്രീയ കൃഷിവികാസ് യോജന (ആർ.കെ.വി.വൈ.) യിൽ നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ പദ്ധതിയുടെ പ്രദർശനത്തോട്ടം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 'പ്രദർശനത്തോട്ടം' ഒരുക്കുക എന്ന പ്രോജക്ടിനാണ് മുൻ വർഷങ്ങളിൽ ആർ.കെ.വി.വൈ. യിൽ നെൽകൃഷിയ്ക്ക് തുക അനുവദിച്ചിരുന്നത്. എന്നാൽ 2017-18 മുതൽ (പതിമൂന്നാം പഞ്ചവത്സര കാലം) പശ്ചാത്തല വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന വികസന പദ്ധതികൾ ഏറ്റെടുക്കണമെന്നാണ് പുതുക്കിയ ആർ.കെ.വി.വൈ. യുടെ മാർഗ്ഗ നിർദ്ദേശത്തിൽ അറിയിച്ചിട്ടുള്ളത്. കേരളത്തിൽ നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നെൽകൃഷി വികസന പദ്ധതി നടപ്പിൽ വരുത്തുന്നതിനാലും കേരളത്തിലെ മുഴുവൻ നെൽകൃഷിയും പ്രദർശനത്തോട്ടം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല എന്ന കാരണത്താലും, സംസ്ഥാനം സമർപ്പിച്ച 81 കോടി രൂപയുള്ള നെൽകൃഷി വികസനത്തിനുള്ള പ്രോജക്ട് 28/06/2017-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി നിരാകരിക്കുകയാണുണ്ടായത്. എന്നാൽ കേന്ദ്രസർക്കാരിൽ നിന്നും ആർ.കെ.വി.വൈ.യിൽ അനുവദിക്കുന്ന ഫണ്ടിൽ യാതൊരു കുറവും ഉണ്ടായിട്ടില്ല. |
| (ബി) | ഫണ്ട് ലഭിക്കാതെ പോയതിന് ഉത്തരവാദികൾ ആരെല്ലാം; ഇവർക്കെതിരെ നടപടിയെടുക്കാൻ | (ബി) | ആർ.കെ.വി.വൈ. പദ്ധതിയിൽ കേന്ദ്ര സർക്കാരാൽ അനുവദിക്കുന്ന ഫണ്ട് ലഭിക്കാത്ത സാഹചര്യം ഇക്കുറി ഉണ്ടായിട്ടില്ല. പ്രസ്തുത |

| | | | |
|---|---|---|---|
| | തയ്യാറാകുമോ; | | പദ്ധതിയിൽ നെൽകൃഷിയ്ക്ക് സഹായം അനുവദിക്കുന്നതിന് സമർപ്പിച്ച 81 കോടി രൂപയുടെ പ്രോജക്ടിന് അനുമതി ലഭിക്കാതിരിക്കുക മാത്രമേ ഉണ്ടായിട്ടുള്ളൂ. |
| (സി) | നെൽകൃഷി വികസനം സംബന്ധിച്ച പ്രൊജക്ട് റിപ്പോർട്ടും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ? | (സി) | 2017-18 വർഷത്തിൽ നെല്ലിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്ന ശീർഷകത്തിൽ 1,80,000 ഹെക്ടർ നെൽകൃഷിയ്ക്ക് സഹായം അനുവദിക്കുന്നതിന് 81 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി യഥാസമയം സമർപ്പിക്കുകയും ആയത് കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് ശേഷം 28/06/2017-ൽ ചേർന്ന എസ്.എൽ.എസ്.സി. മീറ്റിംഗിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 2015-16 വരെ അനുവദിച്ച മുഴുവൻ തുകയും, 2016-17-ൽ അനുവദിച്ച തുകയുടെ 60% നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി തുകയിൽ നെൽകൃഷിയ്ക്ക് അനുവദിച്ച തുകയും ഉൾപ്പെടും. ആയതിനാൽ 2017-18 ലെ ഫണ്ട് ലഭിക്കുന്നതിന് ഒരു തടസ്സവുമില്ല. |

സെക്ഷൻ ഓഫീസർ